**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1436** **07-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളക്കാട് എം.എ.എം.എൽ.പി. സ്കൂളിൽ മാനേജർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ വെള്ളക്കാട്എം.എ.എം.എൽ.പി. സ്കൂളിന് മാനേജർ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | വെള്ളക്കാട് എം. എ. എം. എൽ. പി സ്കൂളിനു മാനേജർ ഇല്ല. WP(C) 30637/2021 മേലുള്ള 23/12/21-ലെ വിധ്യന്യായ പ്രകാരം മാനേജർ നിയമനം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (ബി) | മാനേജർ നിയമനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ മൂലം സ്കൂളിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിലും അക്കാദമിക് കാര്യങ്ങളിലുമുള്ള പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുഹമ്മദ് അബ്ദുൾ റഹിമാൻ സ്മാരക എജ്യുക്കേഷണൽ സൊസൈറ്റിക്ക് കീഴിലുള്ള സ്കൂൾ ആയതിനാൽ സൊസൈറ്റിയുടെ നിയമാവലി പ്രകാരം ജനറൽ ബോഡി യോഗം ചേർന്ന് തെരഞ്ഞെടുക്കുന്ന ഭരണ സമിതിയാണ് മാനേജരെ നിയമിക്കേണ്ടതെന്ന സാഹചര്യത്തിൽ സർക്കാർ മുൻകൈ എടുത്തുകൊണ്ട് ജനറൽ ബോഡി യോഗം ചേർന്ന് പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (സി) | വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ കോടതിയുടെ അന്തിമ ഉത്തരവ് പ്രകാരമേ തുടർനടപടികൾ സ്വീകരിക്കാനാകു. |

സെക്ഷൻ ഓഫീസർ